പ്പിച്ചുവന്നു. ഇതു നിങ്ങളുടെ കുട്ടികളെയും പഠിപ്പിക്കുക. ഭൂമിക്കു വരുന്നതെല്ലാം ഭൂമിയുടെ മക്കൾക്കും വന്നുകൂടുന്നു. നിലത്തു തുപ്പുമ്പോൾ നാം നമ്മുടെ മുഖത്തുതന്നെയാണു തുപ്പുന്നതു്.

'ഒരു കാര്യം ഞങ്ങൾക്കറിയാം: ഭൂമി മനുഷ്യന്റേതല്ല. മനുഷ്യൻ ഭൂമിയുടേതാണെന്ന സത്യം. ഇതു ഞങ്ങൾക്ക് നന്നായറിയാം. ഒരു കുടുംബത്തിലെ എല്ലാ അംഗങ്ങളും രക്തത്താൽ ബന്ധപ്പെട്ടിരിക്കുന്നതു പോലെ, എല്ലാ വസ്തുക്കളും അന്യോന്യം ബന്ധപ്പെട്ടിരിക്കുന്നു. എല്ലാറ്റിനുമുണ്ട് പരസ്പരബന്ധം. ജീവിതവസ്ത്രം മനുഷ്യൻ നെയ്തതല്ല. ആ വസ്ത്രത്തിലെ ഒരു ഇഴ മാത്രമാണ് അവൻ. ജീവിതവസ്ത്രത്തോട് മനുഷ്യൻ ചെയ്യുന്നതെല്ലാം, തന്നോടുതന്നെയത്രേ അവൻ ചെയ്യുന്നതു്.'

പ്രകൃതിയുമായി ഇണങ്ങിജീവിച്ച ഒരു ജനത സഹസ്രാബ്ദങ്ങളിലൂടെ നേടിയ വിവേകത്തിന്റെ കാച്ചിക്കുറുക്കിയ സത്തു് അത്രേ ഈ സന്ദേശം. അമേരിക്കയിലെ വെള്ളക്കാരൻ അതു് ഉൾക്കൊള്ളുകയുണ്ടായില്ലെന്നു പറയേണ്ടതില്ല.

ദരിദ്രരും പ്രകൃതിമാത്രശരണരുമായ നമുക്ക് വളരെ വൈകിയ വേളയിലെങ്കിലും ഈ സന്ദേശം ഉൾക്കൊള്ളാൻ കഴിയുമോ?

28 ആഗസ്റ്റ്, 1983

## 95. എന്തുകൊണ്ട് പ്രകൃതിസംരക്ഷണം?

ലോകവന്യജീവനിധിയുടെ (വേൾഡ് വൈൽഡ് ലൈഫ് ഫണ്ട്) അദ്ധ്യക്ഷനാണ് ബ്രിട്ടനിലെ എലിസബത്ത് രാജ്ഞിയുടെ ഭർത്താവായ എഡിൻബറോപ്രഭു, ഫിലിപ്പ് രാജകുമാരൻ. നവംബർ മാസത്തിൽ ദൽഹിയിൽ നടന്ന കോമൺവെൽത്ത് സമ്മേളനത്തിൽ പങ്കെടുക്കാനെത്തിയ രാജ്ഞിയോടൊപ്പം ഫിലിപ്പ് രാജകുമാരനും ഇന്ത്യ സന്ദർശിച്ചിരുന്നു. വന്യജീവനിധിയിലേക്കു പണം ശേഖരിക്കുന്നതിനായി നവംബർ 24-ാം തീയതി ബോംബെയിൽ നടത്തിയ ഒരു വിരുന്നുസൽക്കാരത്തിൽ, വന്യജീവസംരക്ഷണത്തിനുള്ള ഒരു തീവ്രയത്ന പരിപാടി എന്തുകൊണ്ട് ലോകത്തിലെങ്ങും അനുപേക്ഷണീയമായിത്തീർന്നിരിക്കുന്നു എന്നു വിവരിച്ചുകൊണ്ട് ഫിലിപ്പ് രാജകുമാരൻ പ്രസംഗിക്കുകയുണ്ടായി. രസകരവും വിജ്ഞാനപ്രദവുമായിരുന്ന ഈ പ്രസംഗം, എന്തുകൊണ്ടോ, മലയാളപത്രങ്ങളിലൊന്നും റിപ്പോർട്ടുചെയ്തതായി കണ്ടില്ല.

'വന്യജീവികൾ എന്നതുകൊണ്ടു കാട്ടുമൃഗങ്ങളെ മാത്രമല്ല, ഉദ്ദേശിക്കുന്നതു് എന്ന് ആദ്യമേ വ്യക്തമാക്കേണ്ടതുണ്ട്. മനുഷ്യൻ സാമ്പത്തിക പ്രയോജനമുദ്ദേശിച്ചു വളർത്താത്ത, കാട്ടിലും, നാട്ടിലും, കടലിലുമുള്ള, എല്ലാ ജീവികളും സസ്യങ്ങളും വന്യജീവികൾതന്നെ. ഉറുമ്പും, എട്ടുകാലിയും, വാവലും, കാക്കയും, പച്ചക്കിളികളും, കീരിയും, പാമ്പും, മുയലും, കുറുക്കനും, മീനും, തവളയും, പായലും പുല്ലും, വള്ളിയും മരവും, എല്ലാം, ആനയേയും കടുവയേയുംപോലെ, സംരക്ഷിക്കപ്പെടേണ്ട വന്യജീവികളുടെ കൂട്ടത്തിൽപ്പെടുന്നു.

ഇതിൽനിന്നു് ഉത്ഭവിക്കുന്ന ഒരു വസ്തുത, വന്യജീവിസംരക്ഷണം ഏതാനും വനംവകുപ്പുദ്യോഗസ്ഥന്മാരുടെ മാത്രം ബാദ്ധ്യതയല്ല എന്നതാണ്. അറിഞ്ഞോ അറിയാതെയോ വന്യജീവികളെ നശിപ്പിക്കുന്നതിന് നാമെല്ലാം കൂട്ടു നില്ക്കുന്നു. അതിനാൽ നാമെല്ലാം മനസ്സുവെച്ചാലേ വന്യ

ജീവികളെ സംരക്ഷിക്കാൻ കഴിയൂ. ജീവിസംരക്ഷണമെന്നതു് എല്ലാ മനുഷ്യരുടേയും പൗരബോധത്തിന്റെ ഒരു സുപ്രധാനഘടകമായിത്തീരണമെന്നർത്ഥം.

എന്തുകൊണ്ടു് ഈ പ്രശ്നം ഇപ്പോൾ ഉയർന്നുവന്നിരിക്കുന്നു? വന്യജീവികൾക്കു സംരക്ഷണം നൽകിയിരുന്ന പ്രകൃതിപരിസരം അതിവേഗത്തിൽ നശിപ്പിക്കപ്പെട്ടുവരികയാണു് എന്നതത്രേ ഇതിന്റെ കാരണം. ഫിലിപ്പ്‌രാജകുമാരൻ പറയുന്നു:

'മുപ്പതു വയസ്സിൽ കൂടുതലുള്ള എല്ലാവർക്കും അറിയാം, എത്ര വേഗത്തിലാണു നഗരങ്ങൾ വളർന്നുകൊണ്ടിരിക്കുന്നതു് എന്നു്. കൃഷിയിടങ്ങളേയും കാടുകളേയും വിഴുങ്ങി നഗരങ്ങൾ വിസ്താരം നേടുന്നു. മരങ്ങൾ ഇല്ലാതാവുന്നു. മണ്ണൊലിച്ചു പുഴകൾ കലങ്ങുന്നു. പണ്ടു പരിചിതമായിരുന്ന പരിസരത്തിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാററങ്ങൾ ആർക്കും കണ്ടു മനസ്സിലാക്കാവുന്നതേയുള്ളൂ.'

പരിസരത്തിൽ വരുന്ന ഈ മാററം ജന്തുക്കളെ ഏതു വിധത്തിൽ ബാധിക്കുന്നു? തിമിംഗലങ്ങളുടെ എണ്ണം സാരമായി കുറഞ്ഞിരിക്കുന്നു. ഏഷ്യയിലും ആഫ്രിക്കയിലുമുള്ള ആനകൾ, കാണ്ടാമൃഗങ്ങൾ, സിംഹങ്ങൾ, പുലികൾ മുതലായവയ്ക്കു വംശനാശം അടുത്തിരിക്കുന്നു. ഇതു്, വലിയ ജന്തുക്കളുടെ കാര്യം. ചെറിയ ജീവികളും ത്വരിതമായി നശിച്ചുവരികയാണു്. വലിയ ജന്തുക്കളുടെ നാശംപോലെ പെട്ടെന്നു നമ്മുടെ കണ്ണിൽവന്നു് അടിക്കുന്നില്ല ചെറിയ ജന്തുക്കളുടെ വംശനാശം എന്നു മാത്രമേയുള്ളു.

രോഗപ്രതിരോധത്തിലും ചികിത്സയിലുമുണ്ടായ അത്ഭുതാവഹമായ പുരോഗതി നിമിത്തം മനുഷ്യരുടെ സംഖ്യ കണക്കററു പെരുകുന്നതാണു് ജന്തുക്കളുടെ നിലനിൽപ്പിനു ഭീഷണിയായിത്തീർന്നിട്ടുള്ള പരിസരനാശത്തിന്റെ മുഖ്യ കാരണം. ഫിലിപ്പ്‌രാജകുമാരൻ പറയുന്നു:

'ചൈനയിൽ ഇന്നു നൂറുകോടി ജനങ്ങളുണ്ടു്. ഇരുനൂറുകൊല്ലം മുമ്പു ലോകത്തിലെ എല്ലാ രാജ്യങ്ങളിലുംകൂടി, ഇന്നു് ഈ ഒരു രാജ്യത്തുള്ളത്ര ജനങ്ങളേ ഉണ്ടായിരുന്നുള്ളു. ഇനി പതിനേഴു വർഷം കഴിഞ്ഞു്, ക്രി. പി. 2000—ാമാണ്ടു് ആവുമ്പോൾ, ലോകജനസംഖ്യ ഇന്നുള്ളതിനേക്കാൾ നൂററമ്പതു കോടി മുതൽ ഇരുനൂറു കോടിവരെ അധികമാകും. ഇതിനർത്ഥം, അത്രയും ആളുകൾക്കുകൂടി ഭക്ഷണവും ജീവിതസൗകര്യങ്ങളും ഏർപ്പെടുത്തിക്കൊടുക്കേണ്ടിവരുമെന്നാണു്. പതിനേഴു വർഷത്തിനപ്പുറം ഇന്നത്തെ ജീവിതനിലവാരം തുടർന്നു പോകണമെങ്കിൽ, എൻജിനീയർമാരും ശാസ്ത്രജ്ഞന്മാരും എല്ലാം ചേർന്നു് എന്തെങ്കിലും ജാലവിദ്യ കാട്ടിയേ മതിയാവൂ.'

മനുഷ്യൻ വളർത്താത്ത ജീവികളിൽ ചിലവയുടെയെങ്കിലും വംശനാശം ഒഴിവാക്കണമെങ്കിൽ, ഇനിയങ്ങോട്ടുള്ള വർഷങ്ങളിൽ, കഠിനപ്രയത്നം ആവശ്യമായി വന്നിരിക്കുന്നതിന്റെ പ്രധാന കാരണം ഈ ജനപ്പെരുപ്പം ആകുന്നു.

ഇവിടെ ഒരു ചോദ്യം ഉത്ഭവിക്കാം: എന്തിനു് ഇത്ര കഷ്ടപ്പെട്ടു വന്യജീവികളെ സംരക്ഷിക്കണം? പരിസരസംരക്ഷണമോ സാമ്പത്തികവികസനമോ വലുതു്? കൃഷിചെയ്യാൻ സ്ഥലം പോരാതെ ആളുകൾ ഞെരുങ്ങുമ്പോൾ കാടു നിലനിർത്തണമോ? സംരക്ഷണം നൽകേണ്ടതു് മനുഷ്യനോ, കുരങ്ങനോ? മലിനീകരണം ഭയപ്പെട്ടു വ്യവസായങ്ങൾ വേണ്ടെന്നുവയ്ക്കാമോ? കൂടുതൽ പ്രാധാന്യം ഏതിനു്—ചാലിയാർ പുഴയ്ക്കോ, ഗ്വാളിയർ റയോൺസ് ഫാക്ടറിക്കോ? പുഴയെ കൊന്നും ബിർളയെ സംരക്ഷിക്കുകയല്ലേ സർക്കാരിന്റെ ബാദ്ധ്യത?

എന്തുകൊണ്ടു വന്യജീവികളെ സംരക്ഷിക്കണം? വന്യജീവികളെ

സംരക്ഷിക്കേണ്ടതിന് അഞ്ചു കാരണങ്ങൾ ഫിലിപ്പ് രാജകുമാരൻ ഈ പ്രസംഗത്തിൽ നിർദ്ദേശിച്ചു.

അഗാധമായ ശാസ്ത്രീയ താത്പര്യം ഉണർത്തുന്ന ഒന്നാണ് പ്രകൃതി എന്നതത്രേ പ്രകൃതിസംരക്ഷണം ആവശ്യമാക്കുന്ന ഒന്നാമത്തെ കാരണം. നമുക്കു ചുറ്റും അനന്തവൈവിദ്ധ്യമുള്ള ഒരു സസ്യ–ജന്തുലോകം സ്ഥിതി ചെയ്യുന്നു. ഈ സസ്യങ്ങളിലും ജന്തുക്കളിലും ഓരോന്നും തമ്മിൽത്തമ്മിലുള്ള ബന്ധമാകട്ടെ അത്യന്തം സങ്കീർണമാണ്. ഈ ബന്ധത്തിന്റെ പഠനം മനുഷ്യവിജ്ഞാനത്തിന്റെ പ്രധാനപ്പെട്ട ഒരു വിഷയമാകുന്നു.

രണ്ടാമതായി, വന്യസസ്യങ്ങൾക്കും വന്യജീവികൾക്കും വമ്പിച്ച സാമ്പത്തിക പ്രാധാന്യമുണ്ട്. നവീകരിക്കപ്പെടാവുന്ന പ്രകൃതിവിഭവങ്ങളാണ് അവ. നാം ഇടപെട്ടില്ലെങ്കിൽ അവ നശിക്കാതെ എന്നെന്നും നിലനിൽക്കുകയുംചെയ്യും. മനുഷ്യജീവിതം അതിന്റെ നിലനില്പിനു വലിയ തോതിൽ ഈ സസ്യ–ജന്തുവിഭവങ്ങളെ ആശ്രയിച്ചിരിക്കുന്നു. കരയിലെ പുല്ലുമുതൽ മഹാവൃക്ഷങ്ങൾവരെയുള്ള സസ്യസമ്പത്തിനെയും, ഉറുമ്പുമുതൽ ആനവരെയുള്ള ജന്തുസമ്പത്തിനെയും ഒഴിവാക്കി മനുഷ്യനു് എങ്ങനെ നിലനിൽക്കാൻ കഴിയും? കടലിലെ മീൻമുതൽ തിമിംഗലം വരെയുള്ള ജന്തുസമ്പത്തിന്റെ പ്രാധാന്യവും ആരും അറിയാത്തതല്ല. അതിനാൽ, സാമ്പത്തികപ്രാധാന്യം കണക്കാക്കിയെങ്കിലും സസ്യ–ജന്തുജീവിതത്തെയും അതിന്റെ നിലനില്പിന് അനുപേക്ഷണീയമായ പ്രകൃതിപരിസരത്തെയും നാം സംരക്ഷിക്കേണ്ടിയിരിക്കുന്നു.

വന്യസസ്യങ്ങളിലും വന്യജന്തുക്കളിലും നിഹിതവും, ഇനിയും നാം മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ലാത്തതുമായ അനന്തസാദ്ധ്യതകളത്രേ പരിസരസംരക്ഷണത്തെ അനുപേക്ഷണീയമാക്കുന്ന മൂന്നാമത്തെ കാരണം. ഇന്നു് ഉപയോഗിച്ചുവരുന്ന ഔഷധങ്ങളിലധികവും സസ്യങ്ങളിൽ നിന്നോ ജന്തുക്കളിൽനിന്നോ ലഭിക്കുന്നവയാണ്. കോടിക്കണക്കിനു സസ്യങ്ങളുള്ളവയിൽ ഇരുപത്താറു തരത്തിൽപ്പെട്ടവ മാത്രമാണ്, പൊതുവെ മനുഷ്യർ കൃഷിചെയ്തു വളർത്തുന്നതെന്നു് ഫിലിപ്പ് രാജകുമാരൻ പറഞ്ഞു. മറ്റുതരം സസ്യങ്ങളിൽ എന്തെല്ലാം സാദ്ധ്യതകൾ അടങ്ങിയിട്ടുണ്ടെന്നു് ആർക്കറിയാം? മാത്രമല്ല, ഇപ്പോൾ കൃഷിചെയ്തു വരുന്നതരം സസ്യങ്ങളുടെ വിളവും ആരോഗ്യവും ഉയർത്താൻ വന്യസസ്യങ്ങളുമായുള്ള സങ്കരണം ആവശ്യമായിവന്നേക്കാം. ഇതിനായും വന്യസസ്യങ്ങളെ സംരക്ഷിക്കേണ്ടിയിരിക്കുന്നു.

ശുദ്ധവും ശ്വാസനയോഗ്യവുമായ വായു, ശുദ്ധവും പാനയോഗ്യവുമായ വെള്ളം, ശുദ്ധവും ഉത്പാദനക്ഷമവുമായ മണ്ണ്—മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിനു് ഇവ മൂന്നും കൂടിയേ തീരൂ. വായു, ജലം, മണ്ണ് എന്നിവയിലെ ശുദ്ധി നിലനിർത്തുന്നതിൽ വനങ്ങൾക്കുള്ള പങ്ക് ഇന്നു സാമാന്യമായെങ്കിലും മനസ്സിലാക്കപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സസ്യങ്ങളിലും ജന്തുക്കളിലും വളരെ വലിയ ഒരു വിഭാഗം ജീവിക്കുന്നതു വനങ്ങളിലാണ്. അക്കാരണംകൊണ്ടും വനങ്ങളെ സംരക്ഷിച്ചേ മതിയാവൂ. വന്യജീവിസംരക്ഷണം അനിവാര്യമാക്കുന്ന നാലാമത്തെ കാരണം ഇതത്രെ.

വന്യജീവിസംരക്ഷണം അനിവാര്യമാക്കുന്ന അഞ്ചാമത്തെ കാരണം ധാർമികമാണെന്നു് ഫിലിപ്പ് രാജകുമാരൻ പറഞ്ഞു. തിന്മയ്ക്കെതിരെ നന്മയോടും അധർമത്തിനെതിരെ ധർമത്തോടുമുള്ള സഹജമായ ആഭിമുഖ്യത്തിന്റെ അടിസ്ഥാനത്തിലും മനുഷ്യൻ വന്യസസ്യജന്തുജീവിതത്തിനു് സംരക്ഷണം നൽകണം. മനുഷ്യർ മതപരമായ ആവേശത്തോടെ പ്രവർത്തിച്ചാലേ, പ്രകൃതിജീവിതത്തിൽ മനുഷ്യൻ ഇടപെട്ടതുമൂലം ഉണ്ടായി

ട്ടുള്ള അസന്തുലനം തൃപ്തികരമായി പരിഹരിക്കാൻ കഴിയൂ. എല്ലാ രാജ്യങ്ങളിലും പാർക്കുന്നവരും, എല്ലാ മതവിഭാഗങ്ങളിലും വിശ്വസിക്കുന്നവരും, എല്ലാ ജനവർഗങ്ങളിലും പിറന്നവരും, എല്ലാ രാഷ്ട്രീയസിദ്ധാന്തങ്ങളോടും കൂറുപുലർത്തുന്നവരുമായ എല്ലാ മനുഷ്യർക്കും ഇന്നു യോജിച്ചുപ്രവർത്തിക്കാവുന്ന ഒരേ ഒരു രംഗം പ്രകൃതിസംരക്ഷണമാകുന്നു.

പ്രകൃതിസംരക്ഷണം മനുഷ്യധർമമാണെന്ന് എല്ലാ മതഗ്രന്ഥങ്ങളും ഉദ്ബോധിപ്പിക്കുന്നുണ്ടെന്ന് ഫിലിപ്പ്‌രാജകുമാരൻ പ്രസ്താവിച്ചു. ബൈബിളിലെ ഉൽപ്പത്തിപുസ്തകത്തിൽ ദൈവം 'സമുദ്രത്തിലെ മത്സ്യങ്ങളുടെമേലും, ആകാശത്തിലെ പക്ഷികളുടെമേലും, കന്നുകാലികളുടെമേലും ഭൂമിയിലെ സർവ്വവന്യജന്തുക്കളുടെമേലും നിലത്തിഴയുന്ന എല്ലാ ഇഴജന്തുക്കളുടെമേലും' മനുഷ്യന് അധികാരം നൽകിയതായി പറഞ്ഞിരിക്കുന്നു. 'അധികാരം' എന്നതുകൊണ്ട് ദൈവം ഉദ്ദേശിച്ചത് 'ഉത്തരവാദിത്തം' ആണെന്നതിൽ യാതൊരു സംശയവും ഫിലിപ്പ്‌രാജകുമാരനില്ല. 'അവയെ ആവോളം ചൂഷണംചെയ്ത് നിന്റെ അത്യാഗ്രഹം നീ തൃപ്തിപ്പെടുത്തുക' എന്നാവില്ലല്ലോ ദൈവം ഉദ്ദേശിച്ചത്!

'സർവം ബ്രഹ്മമയം' എന്നു പ്രഖ്യാപിക്കുന്ന വേദങ്ങളും ഉപനിഷത്തുകളും പ്രകൃതിസംരക്ഷണത്തിന് പരമപ്രാധാന്യം നൽകുന്നുണ്ടെന്ന് ഫിലിപ്പ്‌രാജകുമാരൻ അനേകം ഉദാഹരണങ്ങളിലൂടെ സമർത്ഥിച്ചു. ഗംഗ ആകാശത്തുനിന്നു ഭൂമിയിലേക്കിറങ്ങിയപ്പോൾ സ്വന്തം ജടകൾകൊണ്ട് അതിന്റെ വേഗം തടുത്ത് ശിവൻ ഭൂമിയെ രക്ഷിക്കുകയുണ്ടായി. വനങ്ങളാണ് ശിവന്റെ ജട എന്നും, മണ്ണൊലിപ്പു തടയുന്നതിന് വനങ്ങളെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യം ഈ പുരാണകഥ വ്യക്തമാക്കുന്നുവെന്നും ഫിലിപ്പ്‌രാജകുമാരൻ ചൂണ്ടിക്കാട്ടി. 'ഞാൻ നിന്നിൽനിന്നു കുഴിച്ചെടുക്കുന്നതെല്ലാം വേഗം വളർന്ന് പൂർവ്വസ്ഥിതിയിലാകണമേ' എന്ന് വൈദികഋഷി ഭൂമിയോടു പ്രാർത്ഥിക്കുന്നു. 'രാത്രിയും പ്രഭാതവും, താഴത്തെ മണ്ണും മുകളിലത്തെ ആകാശവും, ഞങ്ങൾക്ക് മധുരമാകണമേ!' 'ഋതം' (ശാശ്വതധർമ്മനിയമം) അനുസരിക്കുന്നവന് വായുവും നദികളും സസ്യങ്ങളും മാധുര്യം നൽകുന്നു.' 'വനങ്ങൾ പക്ഷികൾക്കുള്ളതാണ്.' എന്നൊക്കെ അർത്ഥംവരുന്ന വേദ–ഉപനിഷദ്‌വാക്യങ്ങൾ ഫിലിപ്പ് രാജകുമാരൻ ഉദ്ധരിച്ചു.

'മായാധ്യക്ഷേണ പ്രകൃതിഃ
സൂയതേ സചരാചരം
ഹേതുനാനേന കൗന്തേയ
ജഗദ് വിപരി വർത്തതേ'

എന്ന ഗീതാപദ്യം, ഈശ്വരന്റെ കാരുണ്യത്തിൽ നടക്കുന്ന പ്രകൃതിയുടെ ശാശ്വതമായ നവീകരണത്തെപ്പററി പ്രാചീനഭാരതീയർക്കുണ്ടായിരുന്ന ധാരണയ്ക്ക് ഉദാഹരണമായി, അദ്ദേഹം എടുത്തുകാട്ടി. കലികാലത്തെ മനുഷ്യരിൽ കാണപ്പെടുമെന്ന് പുരാണങ്ങൾ വിവരിക്കുന്ന അത്യാഗ്രഹവും വിവേകലോപവുമാണ് ഇന്നത്തെ പ്രകൃതിവിധ്വംസനത്തിൽ പ്രകടമാവുന്നതെന്ന് ഫിലിപ്പ്‌രാജകുമാരൻ ചൂണ്ടിക്കാണിച്ചു. പാശ്ചാത്യരായ മുതലാളിമാരുടേയോ ഇടത്തരക്കാരുടേയോ ഒരു പുത്തൻ കിറുക്കല്ല പ്രകൃതിസംരക്ഷണവാദമെന്നും, ഇന്ത്യയിലെ മതങ്ങളിലും തത്ത്വചിന്തകളിലും ജീവിതരീതിയിലും ഊടും പാവുമായി പ്രകൃതിസംരക്ഷണശ്രദ്ധാന്തി ഇഴയോടിക്കിടക്കുന്നു എന്നും സമർത്ഥിക്കുവാനാണ് അദ്ദേഹം ഇതെല്ലാം ഉദ്ധരിച്ചത്. ഈ പ്രാചീനസന്ദേശത്തോട് ആധുനികമനുഷ്യൻ ആത്മാർത്ഥതയോടെ പ്രതികരിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു.

അതൊക്കെ ശരി. പക്ഷേ, സാറേ, അതിനുമുമ്പ്, കളവായി കൈയേറിയ കാട്ടിൽ കൃത്രിമമായി എന്റെ പാർട്ടിക്കാർ നേടിയെടുത്ത പട്ടയങ്ങളുടെ കാര്യം എവിടെ കിടക്കുന്നു എന്നൊന്നു നോക്കാമോ?

8 ജനുവരി, 1984

## 96. പൊടിവലി

പുകയിലയുടെ ഉപയോഗങ്ങളിൽ, ഏററവും വ്യാപകവും ഏററവും ദോഷകരവും പുകവലിയാകുന്നു. പുകവലിക്കുന്നവർ തനിക്കു മാത്രമല്ല ദ്രോഹം ചെയ്യുന്നതു്. പുകവലിക്കാതെ അടുത്തിരിക്കുന്നവരേയും അയാൾ ദ്രോഹിക്കുന്നു. ഇക്കാരണത്താൽ പല രംഗങ്ങളിലും ഈ സമൂഹദ്രോഹം നിയമംമൂലം തടയപ്പെട്ടിരിക്കുകയാണ്. നിയമങ്ങൾ നിഷ്കർഷയോടെ നടപ്പിൽ വരുത്താത്തതിന്റെ ഫലമാണ് ഇന്നു നാം പൊതുസ്ഥലങ്ങളിൽ കാണുന്ന പുകവലി.

പുകവലി കഴിഞ്ഞാൽ, പുകയില ഏററവും കൂടുതൽ ഉപയോഗിക്കപ്പെടുന്നതു് മൂക്കിൽ വലിക്കുന്ന പൊടിയുടെ രൂപത്തിലാണ്. പുകവലിയെന്നപോലെ പൊടിവലിയും അമേരിന്ത്യക്കാരിൽനിന്ന് യൂറോപ്യർ പഠിച്ച ഒരു ദുശ്ശീലമായിരുന്നു. യൂറോപ്യന്മാരിൽത്തന്നെ ഐർലണ്ടുകാരും സ്കോട്ലണ്ടുകാരുമാണത്രേ ആദ്യം പൊടിവലിച്ചു തുടങ്ങിയതു്. യൂറോപ്പിൽ ഐർലണ്ടുകാർ ദാരിദ്ര്യത്തിനും സ്കോട്ലണ്ടുകാർ പിശുക്കിനും പേരെടുത്തവരായിരുന്നു. ചുരുങ്ങിയ ചെലവിൽ കിട്ടുന്ന ഒരു ഉത്തേജകം എന്ന നിലയിലായിരിക്കാം ഇവർ പൊടിവലിയെ സ്വാഗതംചെയ്തതു്. അന്നു പണക്കാരും പ്രതാപികളുമായിരുന്ന ഇംഗ്ലീഷുകാർ പൊടിവലിച്ചുതുടങ്ങിയതു് നഗരങ്ങളിലെ നാററംകൊണ്ടു പൊറുതിമുട്ടിയാണത്രെ. പുകയിലയുടെ ദുർനാററം മൂക്കിനകത്തുള്ളപ്പോൾ മറേറതു നാററവും സഹിക്കാവുന്നതേയുള്ളുവല്ലോ?

അതേതായാലും, പതിനെട്ടാം നൂററാണ്ടാവുമ്പോഴേക്കും യൂറോപ്പിൽ പൊടിവലി പണക്കാർക്കിടയിൽ ഒരു ഫാഷൻ ആയിക്കഴിഞ്ഞിരുന്നു. പ്രസിദ്ധ സാഹിത്യകാരനായിരുന്ന ജോൺസന്റെ പൊടിവലിയെപ്പററി പല വിവരണങ്ങളും നമുക്കു കിട്ടിയിട്ടുണ്ട്. 'കുത്തനെ നിൽക്കുന്ന (സത്യസന്ധനായ) മനുഷ്യന്റെ കൊച്ചുലഹരി' എന്നു് ഫ്രഞ്ചു് നാടകകൃത്തായ മോളിയേ പൊടിവലിയെ വിവരിച്ചിരിക്കുന്നു. പൊടിവലി തലച്ചോറിനു് ആഹ്ളാദവും പരിശുദ്ധിയും നൽകുകയും ധർമംചെയ്യാൻ ആത്മാക്കളെ പ്രേരിപ്പിക്കുകയുംചെയ്യുന്ന ഒരു പുണ്യകൃത്യമാണെന്നുകൂടി മോളിയേ പറഞ്ഞിരിക്കുന്നു! പതിനേഴാം നൂററാണ്ടുമുതൽ പത്തൊമ്പതാം നൂററാണ്ടുവരെ ബ്രിട്ടനിലെ പൗരന്മാർ പൊടിവലി പരിഷ്കാരലക്ഷണമാണെന്നു കരുതിവന്നു. അക്കാലത്തു് പുരുഷന്മാർ മാത്രമല്ല, സ്ത്രീകളും ബ്രിട്ടനിൽ പൊടിവലിച്ചിരുന്നു.

അന്നൊക്കെ, ഒരാൾ ഉപയോഗിക്കുന്ന പുകയിലപ്പൊടിയുടെ തരത്തിൽനിന്നു് അയാളുടെ സാമൂഹ്യ—അന്തസ്സ് കണക്കാക്കാൻ കഴിഞ്ഞിരുന്നുവത്രെ. പക്ഷേ, പണക്കാരിൽനിന്നു് പാവങ്ങളിലേക്കു് ഈ ഫാഷൻ പടർന്നുപിടിച്ചപ്പോൾ കച്ചവടക്കാർ പുകയിലപ്പൊടിയിൽ ധാരാളം മായം ചേർക്കാൻ തുടങ്ങി. കൽക്കരിപ്പൊടിയാണ് മായമായി ഉപയോഗിക്കപ്പെട്ടിരുന്ന വസ്തുക്കളിൽ ഒന്നു്. അതേ സമയം വൈദ്യാഭിപ്രായം ക്രമേണ പുകയിലപ്പൊടിക്കു് എതിരാവുകയുംചെയ്തു. പൊടിവലിക്കു